ജന്മഭൂമി

19 July 2017

# ദേശീയ മത്സ്യമേഖല വികസന സൂചിക തയ്യാറാക്കണമെന്ന്

കൊച്ചി: സമുദ്രമത്സ്യ മേഖലയിൽ വിവിധ സംസ്ഥാനങ്ങളിലെ വികസന തോത് മനസ്സിലാക്കാൻ ദേശീയ സമുദ്രമത്സ്യമേഖലാ വികസന സൂചിക തയ്യാറാക്കണമെന്ന് നീതി ആയോഗ് ഡെപ്യൂട്ടി അഡ്വൈസർ മനാഷ് ചൗധുരി സിഎംഎഫ്ആർഐയോട് അഭ്യർത്ഥിച്ചു. ഡയറക്ടർ ഡോ.എ. ഗോപാലകൃഷ്ണനുമായുള്ള ചർച്ചയിലാണ് ഇന്ത്യൻ മത്സ്യമേഖലയുടെ സമഗ്രവികസനത്തിന് വിവിധ പദ്ധതികൾ ആവിഷ്കരിക്കാൻ അദ്ദേഹം സിഎംഎഫ്ആർഐയോട് അഭ്യർത്ഥിച്ചത്.

സമുദ്രജല കൃഷിയിൽ സ്വകാര്യ നിക്ഷേപത്തിന് തടസ്സമാകുന്ന കാരണങ്ങൾ കണ്ടെത്തി പരിഹാരം നിർദ്ദേശിക്കാനും വികസനപദ്ധതിക്ക് കഴിയണം അദ്ദേഹം പറഞ്ഞു. സിഎംഎഫ്ആർഐയുടെ സാങ്കേതിക വിദ്യ മതിയായ രീതിയിൽ പ്രയോജനപ്പെടുത്തുകയാണെങ്കിൽ 2022 ഓടെ നാല് ലക്ഷം ടൺ മത്സ്യമാണ് കൂടുമത്സ്യകൃഷിയിലൂടെ രാജ്യത്ത് ഉൽപാദിപ്പിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നത്. കുടുംബശ്രീ യൂണിറ്റുകളുടെ പങ്കാളിത്തത്തോടെ കേരളത്തിൽ കൂട്മത്സ്യകൃഷി വൻവിജയമാക്കാമെന്നും മനാഷ് ചൗധുരി പറഞ്ഞു.